മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2025 OCTOBER-DECEMBER | VOLUME 01 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on October 01, 2025 | Time: 10:00 AM IST | e-ISSN:

Article ID: MRK0003

# സാഹിത്യപരിണാമങ്ങളിലെ ഡിജിമോഡേണിസ്റ്റ് മാതൃകകൾ

**» അശ്വതി വിജയൻ**

***പ്രബന്ധസംഗ്രഹം***
*ഉത്തരാധുനികതയുടെ തുടർച്ച എന്ന നിലയിലാണ് ഡിജിമോഡേണിസം രൂപപ്പെട്ടത്. ഡിജിറ്റൽയുഗത്തിൽ സാഹിത്യത്തിന്റെ മാതൃകകൾ എന്തൊക്കെയാണെന്നും സാഹിത്യസൃഷ്ടി, വിതരണം, ആസ്വാദനം എന്നിവയെ സൈബർയുഗം സ്വാധീനിച്ചത് എങ്ങനെയാണെന്നും ഈ പ്രബന്ധം വിശകലനം ചെയ്യുന്നു.*

***താക്കോൽവാക്കുകൾ***
*ഡിജിമോഡേണിസം, പോസ്റ്റ് പോസ്റ്റ്മോഡേണിസം, സൈബർ ലിറ്ററേച്ചർ, മലയാളസാഹിത്യരൂപങ്ങൾ, നിർമിതബുദ്ധി*

..........................................................................................................................................................................................

**ആമുഖം**
സാങ്കേതികവിദ്യകളാൽ നിയന്ത്രിക്കപ്പെടുകയും നിർണയിക്കപ്പെടുകയും ചെയ്യുന്ന വർത്തമാനകാല സാംസ്കാരികജീവിതത്തെ സൈദ്ധാന്തികമായി അടയാളപ്പെടുത്താനുള്ള ശ്രമങ്ങൾ പലനിലയിലും വ്യാപിക്കുകയും വികസിക്കുകയും ചെയ്യുന്നുണ്ട്. പ്രതീതീയാഥാർത്ഥ്യവും (Virtual Reality), പ്രകടയാഥാർത്ഥ്യവും (Augmented Reality), നിർമിതബുദ്ധിയും (Artificial Intelligence) നിത്യജീവിതത്തിന്റെ അനിവാര്യതയായിക്കഴിഞ്ഞിരിക്കുന്ന ഒരു യുഗത്തിന്റെ സാംസ്കാരിക മനോഘടനയെ മനസ്സിലാക്കുക അത്രയും ശ്രമകരമായ കാര്യമാണ്. മാത്രവുമല്ല വ്യക്തിക്കും സമൂഹത്തിനും ഭാഷയ്ക്കുമുള്ളതുപോലെ സാഹിത്യത്തിനും ഇന്നൊരു സൈബർജീവിതം രൂപപ്പെട്ടുകഴിഞ്ഞിട്ടുണ്ട്.

സാങ്കേതികതയുടെ വികാസങ്ങൾ അതതു കാലഘട്ടത്തിൽ സാഹിത്യത്തിലും പ്രതിഫലിക്കും. വളർന്നുവികസിച്ച ഈ പുതിയ സാങ്കേതികതയും അതു സാധ്യമാക്കിയ നവമാധ്യമങ്ങളും ഒപ്പം സോഷ്യൽ നെറ്റ്വർക്കുകളും (Social Networks) ചേർന്ന പുതിയ സാമൂഹികാവസ്ഥയാണ് ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ ആരംഭത്തോടെ ഡിജിമോഡേണിസ (Digimodernism)മായി പരിണമിച്ചത്. ഉത്തരാധുനികതയിൽ നിന്ന് ഉത്തരഉത്തരാധുനികതയിലേക്കും (Post Postmodernism) സൈബർ ആധുനികതയിലേക്കും (Cyber Modernity) പ്രവേശിക്കുമ്പോൾ അതിന്റെ സൈദ്ധാന്തികതലങ്ങൾ പുനഃപരിശോധിക്കപ്പെടുന്നുണ്ട്. വിശേഷിച്ചും ഉത്തരാധുനികകാലഘട്ടത്തിൽ ഉയർന്നുവന്ന മിക്ക വാദഗതികളും ഇന്ന് അപ്രസക്തമായിത്തീരുന്ന ഒരു ഘട്ടത്തിൽ. ഉത്തരാധുനികതയെ മറികടക്കാനുള്ള ശ്രമങ്ങളുടെകൂടി ഭാഗമായി ഇതിനെ വിലയിരുത്തുന്നതിലും തെറ്റില്ല. സൈബർ ഇടങ്ങളിലെ പദപ്രയോഗങ്ങളും പ്രവർത്തനരീതികളും ഉൾക്കൊള്ളിച്ചുകൊണ്ടാണ് അത്തരം പുനരെഴുത്തുകൾ സാധ്യമായത്. ഇലക്ട്രോണിക് സാഹിത്യത്തിന്റെയും സൈബർ സാഹിത്യത്തിന്റെയും രീതിശാസ്ത്രങ്ങളെ ചേർത്തുവെച്ചാണ് ഉത്തര ഉത്തരാധുനികയുടെ വർത്തമാനകാലം വിശദീകരിക്കേണ്ടത്.

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2025 OCTOBER-DECEMBER | VOLUME 01 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on October 01, 2025 | Time: 10:00 AM IST | e-ISSN:

"കമ്പ്യൂട്ടർവല്ക്കരണത്തിന്റെ സാംസ്കാരികരൂപങ്ങളിലുള്ള പ്രതിഫലനം അല്ലെങ്കിൽ സ്വാധീനഫലം" എന്നാണ് ബ്രിട്ടീഷ് സാംസ്കാരികവിമർശകനായ അലൻ കിർബി 2009ൽ ഡിജിമോഡേണിസത്തെ നിർവചിച്ചത് (കിർബി, അലൻ, 2009:50).
"പുതിയ സാങ്കേതികവിദ്യകളുടെയും വർത്തമാനകാല സാമൂഹികശക്തികളുടെയും സമ്മർദ്ദങ്ങൾക്കു കീഴിൽ രൂപംകൊണ്ട ആധികാരികതയുടെയും വിജ്ഞാനത്തിന്റെയും ഒരു രൂപമാതൃകയെ (Paradigm) വിശേഷിപ്പിക്കാനാണ് ഡിജിമോഡേണിസം എന്ന വാക്ക് ഉപയോഗിക്കുന്നത്" എന്ന് ലേണിങ് ഗിൽഡിന്റെ എഡിറ്ററായ ബിൽ ബ്രാഡൺ ഡിജിമോഡേണിസത്തെ വിശദീകരിക്കുന്നുണ്ട് (ബ്രാഡൻ, ബിൽ, 2011).
ഡിജിറ്റൽ, മോഡേണിസം എന്നീ വാക്കുകൾ ഉൾച്ചേർന്നാണ് ഡിജിമോഡേണിസം എന്ന വാക്ക് രൂപപ്പെട്ടിട്ടുള്ളത്. ഡിജിറ്റൽ യുഗത്തിലേക്ക് പ്രവേശിച്ചുകഴിഞ്ഞ സംസ്കാരത്തെ അടയാളപ്പെടുത്തുകകൂടി ചെയ്യുന്നുണ്ട് ഡിജിമോഡേണിസം.

തൊണ്ണൂറുകളിൽ ആരംഭിച്ച് ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ വികസിച്ചുവന്ന ഡിജിറ്റൈസേഷൻ (Digitization)1 നമ്മുടെ സാംസ്കാരികതയ്ക്ക് എപ്രകാരം വ്യതിചലനങ്ങളുണ്ടാക്കി എന്നതിൽ നിന്നാണ് ഡിജിമോഡേണിസത്തെക്കുറിച്ചുള്ള വ്യവഹാരങ്ങൾ രൂപപ്പെടുന്നത്. ഡിജിറ്റൈസേഷൻ പ്രക്രിയകൾ നമ്മുടെ സാംസ്കാരികതയിലും സാഹിത്യത്തിലുമുള്ള പാഠങ്ങളിലും പാഠപരതകളിലും വരുത്തിയ മൊത്തം സ്വാധീനങ്ങളെയും 'ഡിജിമോഡേണിസം' എന്ന് വിളിക്കാവുന്നതാണ്. വ്യക്തിയുടെയും സംസ്കാരത്തിന്റെയും നിരന്തര മാറ്റങ്ങളുടെ പശ്ചാത്തലമാണതിനുള്ളത്. സാഹിത്യരൂപങ്ങളിലെ ഭാഷ, കാലം, പ്രമേയം, കർത്തൃത്വം എന്നിവയുടെ പരമ്പരാഗതഘടനയിൽ ഡിജിമോഡേണിസം പൊളിച്ചെഴുത്തുകൾ നടത്തുന്നു. ഈ മാറ്റമെന്നത് ഒരേസമയം സാങ്കേതികവും ചരിത്രപരവും സാഹിത്യപരവുമാണ്.
ഡിജിമോഡേണിസ്റ്റ് സാംസ്കാരികസ്ഥാനം

ആധുനികതയോടുള്ള സാംസ്കാരികവിമർശനമെന്ന നിലയിലാണ് പോസ്റ്റ്മോഡേണിസം ശക്തിപ്രാപിച്ചത്. പോസ്റ്റ്മോഡേണിസത്തെ മറികടക്കാനായി ആന്റി പോസ്റ്റ്മോഡേൺ പ്രസ്ഥാനങ്ങൾ സംഭവിച്ചു. ഉത്തര ഉത്തരാധുനികത (Post Postmodernism), മെറ്റാമോഡേണിസം (Meta Modernism) തുടങ്ങിയ പരികല്പനകൾ ഉയർന്നുവന്നു. എന്നാൽ പുതിയ സാങ്കേതികതയും നവമാധ്യമങ്ങളും ചേർന്ന വർത്തമാനകാല ഡിജിപാഠങ്ങൾ (Digitext)2 ഇതിൽനിന്നും പാടെ വ്യത്യാസമാണ്. ആധുനികതയെ എതിർത്തുകൊണ്ടോ അതിൽനിന്നുള്ള വിട്ടുപോരലായിട്ടോ അല്ല ഡിജിമോഡേണിസം രൂപംകൊണ്ടത് എന്നത് ശ്രദ്ധേയമായ കാര്യമാണ്. തുടക്കകാലത്ത് മോഡേണിസവുമായി സഹകരിച്ചും സഹവർത്തിച്ചുമാണ് ഇത് സംഭവിച്ചത്. ഈ സഹവർത്തിത്വഘട്ടത്തെ ഹൈബ്രിഡ് ടെക്സ്റ്റിന്റെ (Hybrid Text), അല്ലെങ്കിൽ ബോർഡർലൈൻ ടെക്സ്റ്റിന്റെ (Borderline Text) കാലഘട്ടം എന്നു വിശേഷിപ്പിക്കുന്നു (കിർബി, അലൻ, 2009:2). ചുരുക്കത്തിൽ പോസ്റ്റ്മോഡേണിസത്തിന്റെ രാഷ്ട്രീയ–സാമൂഹികതലങ്ങളുടെ യുക്തിപൂർവ്വമായ പരിണതിയെന്ന നിലയിലാണ് ഡിജിമോഡേണിസം വളർന്നുവികസിച്ചതെന്ന് മനസ്സിലാക്കാം.
സൈബർകാലം ഡിജിറ്റൽ സാക്ഷരതയുടെതാണ്. വ്യക്തികൾ സിറ്റിസൺഷിപ്പിൽ (പൗരത്വം) നിന്നും 'നെറ്റിസൺഷിപ്പി'ലേക്ക് (ജോസ് കെ. മാനുവൽ, 2019:12) ഉയർന്നപ്പോൾ ആവാസപരിസരങ്ങളൊട്ടാകെ അതനുസരിച്ച് നവീകരിക്കപ്പെട്ടു. എല്ലാം ബിഗ് ഡാറ്റ (Big Data)യിലേക്കു സ്വാംശീകരിക്കപ്പെടുന്നവിധം ഡിജിറ്റൈസേഷന്റെ പാഠപരതയിലുള്ള സാംസ്കാരികവ്യതിയാനം (Cultural Shift) സാഹിത്യത്തിലും പ്രകടമാണ്.

**ഡിജിമോഡേണിസത്തിന്റെ സവിശേഷതകൾ**

മുൻകാല സാഹിത്യ സൈദ്ധാന്തിക മാതൃകകളിൽനിന്ന് വ്യത്യസ്തമായി ഡിജിറ്റൈസേഷൻ പാഠപരതയിൽ വരുത്തിയ മാറ്റങ്ങൾ വളരെ പ്രധാനമാണ്. ഡിജിമോഡേണിസ്റ്റ്പാഠപരത അതിന്റെ ഇലക്ട്രോണിക് ആശ്രിതത്വംകൊണ്ടുതന്നെ അനന്യമായിത്തീരുന്നുണ്ട്. പരിപൂർണമായും ഡിജിറ്റൽ ടെക്നോളജി രൂപപ്പെടുത്തിയ ഭാവുകത്വത്തിൽ ഊന്നിക്കൊണ്ടാണ് ഡിജിമോഡേണിസം നിലനിൽക്കുന്നത്. വ്യവഹാരമണ്ഡലത്തിൽ എഴുത്തുകാരനിൽ/കാരിയിൽനിന്ന് സന്ദേശപ്രേഷകനായും/ പ്രേഷികയായും വായനക്കാരനിൽ/കാരിയിൽ നിന്ന് സന്ദേശസ്വീകർത്താവായും വായനാലോകം മാറുകയും ഓതറും റീഡറും അഥവാ എഴുത്തുകാരും വായനക്കാരും എന്ന വിഭജനം നേർത്തുവരികയും ചെയ്യുന്നു. ഡിജിമോഡേണിസ്റ്റ്പാഠത്തിൽ പുതുകർത്തൃത്വമായി 'വ്രീഡർ' (Wreader) രൂപംകൊള്ളുന്നു. പങ്കാളിത്ത പാഠനിർമിതി (Participatory Creation)യാണ് ഇവിടെ സാധ്യമാകുന്നത്.

വായനക്കാരന്/കാരിക്ക് മുൻകാല കർത്തൃത്വമല്ല ഇവിടെ ഉള്ളത്. പോസ്റ്റ്മോഡേണിസം നടത്തിയതുപോലെ ഓതറിന്റെ മരണമണിയും ഇവിടെ മുഴക്കുന്നില്ല. പകരം ഓതർ അഥവാ എഴുത്തുകാരനെ/കാരിയെ പുനഃസ്ഥാപിക്കുകയും പുനർനിർവചിക്കുകയുമാണ് ചെയ്യുന്നത്. ഡിജിമോഡേണിസത്തിൽ ഓതർ ഏകവചനമായി നിലനിൽക്കുന്നേയില്ല. പല സ്ഥലകാലങ്ങളിലായി പരന്നുകിടക്കുന്ന, ഒരിക്കലും തീർച്ചപ്പെടുത്താനാകാത്ത ഒരു ബഹുവചനസ്ഥലിയിലാണ് ഓതർ. ഏകകർത്തൃത്വം പാടേ നിരാകരിക്കപ്പെടുകയും ബഹുകർത്തൃത്വമായി നിലനിൽക്കുകയും ചെയ്യുകയാണ് ഇവിടെ. വായനക്കാരന്/കാരിക്ക് മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി നിശ്ചലമോ ജഡമോ ആയ ഭാവമല്ല ഉള്ളത്. തിരശ്ചീനമായി കണ്ണുപായിക്കുന്ന പരമ്പരാഗത കർമ്മത്തിൽ ഇനി വായനക്കാരന്/കാരിക്ക് നിലനിൽക്കുക

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2025 OCTOBER-DECEMBER | VOLUME 01 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on October 01, 2025 | Time: 10:00 AM IST | e-ISSN:

സാധ്യമല്ല. അയാളുടെ കർമ്മം മാറിയിരിക്കുന്നു. അയാൾ ക്രിയാത്മകസ്ഥാനത്തേക്ക് മാറ്റപ്പെട്ടിരിക്കുന്നു. പാഠനിർമിതിയിൽ ഭൗതികമായിത്തന്നെ അയാൾക്ക് ഇടപെടേണ്ടിവരുന്നു. അഥവാ അയാൾകൂടി നിർമ്മിക്കുന്ന പാഠമായി ഡിജിമോഡേണിസ്റ്റുപാഠം രൂപാന്തരപ്പെട്ടിരിക്കുന്നു.
ഡിജിമോഡേണിസ്റ്റു സാഹിത്യപാഠത്തിന് ഇതിലൂടെ മറ്റൊരു മാനം കൈവരികയാണ് ചെയ്യുന്നത്. അത് അനന്തമായ, അവസാനിക്കാത്ത ഒന്നായിത്തീരുന്നു എന്നതാണ് ഏറ്റവും പ്രധാനം. അതുകൊണ്ടുതന്നെ ഡിജിമോഡേണിസ്റ്റു സാഹിത്യരൂപങ്ങൾക്കും പാഠങ്ങൾക്കും ഒരു അന്തിമരൂപം കൽപ്പിക്കുന്നത് അസാധ്യമാണ്. അവയുടെ വിപുലനം അനുസ്യൂതം നടക്കുന്നതാണെന്ന് കാണാം. മാത്രവുമല്ല ഇവ ക്ഷണികമായ പാഠങ്ങൾ ആണെന്നത് ശ്രദ്ധേയമാണ്. കമെന്റുകൾ (Comments), റിപ്ലൈകൾ (Replies), ഷെയറുകൾ (Shares), റിവ്യൂകൾ (Reviews) തുടങ്ങി പാഠങ്ങളിൽ അനന്തം കൂട്ടിച്ചേർക്കലുകൾ സാധ്യമായിത്തീരുന്നു. പാഠങ്ങളെ സ്ഥായിയായി നിലനിർത്താനോ ആർക്കൈവ് ചെയ്യുവാനോ സാധ്യമല്ല എന്നും കിർബി നിരീക്ഷിക്കുന്നു (2009:52). ഡിജിമോഡേണിസ്റ്റുപാഠം രേഖീയമല്ലാതെയാണ് (Nonlinear) നിൽക്കുന്നതെന്ന് പൂർണമായി പറയാൻ സാധിക്കുകയില്ല. ഹൈപ്പർടെക്സ്റ്റ്3കളിലൂടെ മുന്നേറുന്നതുകൊണ്ടുതന്നെ ബഹുരേഖീയത (Multilinearity) ഡിജിമോഡേണിസ്റ്റുപാഠങ്ങളുടെ സവിശേഷതയാണ്. അതേസമയം രേഖീയതയെ അതുസൂക്ഷിക്കുന്നുമുണ്ട് എന്നുകാണാം. ബഹുരേഖീയതയാണ് അതിന്റെ മുഖമുദ്ര. ഡിജിമോഡേണിസ്റ്റ് സാഹിത്യപാഠം എവിടെനിന്നും ആരംഭിക്കാം. എവിടേയ്ക്കും ഏത് ദിശയിലേയ്ക്കും അതിന്റെ ആഖ്യാനം സാധ്യമാക്കുകയും ചെയ്യാം.

**ഡിജിമോഡേണിസ്റ്റു സാഹിത്യരൂപമാതൃകകൾ**

പരമ്പരാഗത സാഹിത്യരൂപങ്ങൾക്ക് ബദൽ അവതരിപ്പിച്ചുകൊണ്ടാണ് വെബ്ബ് 2.0 (Web 2.0) ഉദയം കൊള്ളുന്നത്. ഉപഭോക്താക്കളാൽ നിർമ്മിക്കപ്പെടുന്ന ഉള്ളടക്കങ്ങൾക്ക് വിപുലമായ സാധ്യതകൾ തുറന്നുകൊടുത്ത രണ്ടാംതലമുറ വെബ്സൈറ്റുകളെയാണ് വെബ് 2.0 എന്ന് പറയുന്നത്. ഇതൊരു പങ്കാളിത്ത പ്ലാറ്റ്ഫോമായാണ് പ്രവർത്തിക്കുന്നത്. ബ്ലോഗിങ് (Blogging), സാമൂഹ്യമാധ്യമങ്ങൾ, ഓൺലൈൻ ഫോറങ്ങൾ, വെബ് ആപ്പുകൾ ഒക്കെയും പങ്കാളിത്ത വെബ് പ്ലാറ്റ്ഫോമിന് ഉദാഹരണങ്ങളാണ്. മലയാളസാഹിത്യലോകത്തിന് വെബ് 2.0യിൽ ജന്മംകൊണ്ട ബ്ലോഗുകളിലും സാമൂഹ്യമാധ്യമങ്ങളിലും വെബ്സീനുകളിലും (Webzine) ഒക്കെ വ്യാപകമായി വായനക്കാരും എഴുത്തുകാരും ഉണ്ടായി. വായനക്കാർ തത്സമയം എഴുത്തുകാരുമായി സംവദിച്ചു, പുതിയ കൂട്ടിച്ചേർക്കലുകൾ നല്കി, തുറന്ന ചർച്ചകളും പുനർവായനകളും നടന്നു. സമൂഹത്തിന്റെ പങ്കാളിത്തത്തോടെ സാഹിത്യലോകം വിപുലപ്പെട്ടുകൊണ്ടിരുന്നു. സാഹിത്യത്തിന്റെ പാഠപരതയിൽ ഇന്ററാക്ടിവിറ്റിയും ജനാധിപത്യപരമായ സാധ്യതകളും സംഭവ്യമായി. ആർക്കും എഴുതാം എന്നത് വെബ് 2.0 സാധ്യമാക്കിയതോടെ സാഹിത്യത്തിന്റെ സാമ്പ്രദായിക വിശുദ്ധിയെയും ആധികാരികതയെയും നിഷ്പ്രഭമാക്കി എന്നതാണ് യാഥാർത്ഥ്യം. സാഹിത്യത്തിനു മാത്രമല്ല ഒട്ടുമിക്ക പൂർവ്വസാംസ്കാരികരൂപങ്ങൾ ഡിജിമോഡേണിസം ഈ ദുര്യോഗം സമ്മാനിച്ചിട്ടുണ്ട്.

കഥയിലെയും കവിതയിലെയും വരികളിലും ആശയങ്ങളിലും കലാപരമായ സംയോജനങ്ങൾ സാങ്കേതികതയുടെ സഹായത്തോടെ നിർമ്മിച്ചവതരിപ്പിക്കുന്ന ഒരു സങ്കര (Hybrid) ശൈലി ഇന്ന് കാണാൻ കഴിയും. ഇൻസ്റ്റഗ്രാം റീൽസും യൂട്യൂബ് ഷോർട്ട് വീഡിയോകളും അതിനുദാഹരണമാണ്. സാമൂഹിക-രാഷ്ട്രീയവിഷയങ്ങളും നീതി-അനീതി വാദങ്ങളും ഡിജിറ്റൽ മീമുകളായി മാറുന്നു. ട്രോളുകളും റോസ്റ്റിങ് (Roasting) വീഡിയോകളുമൊക്കെ അതിനുദാഹരണമാണ്. സാമൂഹികമാറ്റങ്ങളെ പ്രതിഫലിപ്പിച്ചുകൊണ്ട് പുത്തൻ പ്രചോദനത്തിനായി പ്രവർത്തിക്കാൻ ഒരിടം ഡിജിമോഡേണിസം തുറന്നുകാണിച്ചിട്ടുണ്ട്. ആശയങ്ങളും വൈരുദ്ധ്യങ്ങളും പരസ്പരം ചേരുകയും ഇടപെടുകയും ചെയ്യുന്ന ഒരുതലം കൂടി ഇവിടെയുണ്ട്.

അതേസമയം ആധുനികാനന്തരത പ്രഖ്യാപിച്ച മറ്റൊരു സംഗതിയും ഡിജിമോഡേണിസ്റ്റു പരിപ്രേഷ്യം അട്ടിമറിച്ചിരിക്കുന്നുവെന്ന് കാണാം. വലുതുകളിൽനിന്നു ചെറുതുകളിലേക്കുള്ള പ്രയാണത്തെ ഡിജിമോഡേണിസം അപ്രസക്തമാക്കുകയാണോ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. ഡിജിമോഡേണിസ്റ്റു കാലഘട്ടത്തിൽ സാഹിത്യത്തിന് അതിവിപുലമായ വലിപ്പമാണ് സംഭവിച്ചത്. ജെ. കെ. റൗളിങ്ങിന്റെ 'ഹാരി പോർട്ടറാ'ണ് കിർബി ഉദാഹരണമായി പരിശോധിക്കുന്ന കൃതി. അതിന് രണ്ട് മാനങ്ങളുണ്ട്. ഒന്ന് ഡിജിമോഡേണിസ്റ്റു ഘട്ടത്തിൽ ബാലസാഹിത്യകൃതികൾക്ക് കൈവന്ന പ്രമുഖസ്ഥാനം. ലോകത്ത് ഏറ്റവും കൂടുതൽ വായിക്കപ്പെടുകയും നിർമ്മിക്കപ്പെടുകയും ചെയ്യുന്ന ഒരു സുപ്രധാനമേഖലയായി ബാലസാഹിത്യം മാറുകയുണ്ടായി. ബാലസാഹിത്യങ്ങൾ മാത്രമല്ല, സിനിമകളും ടിവി സീരീസുകളും ഇതിനോടകം വിജയം കൈവരിച്ചു. 'അവതാർ' (Avatar) അടക്കമുള്ളവയുടെ ആഖ്യാനതന്ത്രം ബാലസാഹിത്യത്തിന്റേതാണ് എന്നുകാണാം. എന്നാലിത് പഴയ കുട്ടികളുടെ ആസ്വാദനതലത്തിലുള്ളതല്ല, മറിച്ച് പുതിയ കുട്ടികളുടെ ആസ്വാദനതലത്തെയാണ് അടയാളപ്പെടുത്തുന്നത്. കുറേക്കൂടി കർത്തൃത്വമുള്ള ഭാഗികമായി സ്വതന്ത്രരായ കുട്ടികളുടെ ആസ്വാദനത്തെയാണ് ഇത് കാണിക്കുന്നത്. മലയാളത്തിൽ നോക്കിയാലും അടുത്തകാലത്ത് വിജയിച്ച സിനിമകളിൽ കുട്ടികളെ ഉദ്ദേശിച്ചുള്ള സിനിമകൾക്ക് കൈവന്ന നേട്ടം ചെറുതല്ല. മിന്നൽ മുരളി, എ.ആർ.എം മുതലായ ഫാന്റസിയിലൂന്നിക്കൊണ്ടുള്ള ആഖ്യാനശൈലികളെയും തന്ത്രങ്ങളെയും സ്വീകരിച്ച സിനിമകളും സാഹിത്യകൃതികളും ഇന്ന് സ്വീകാര്യത നേടുന്നുണ്ട്. മറ്റൊന്ന് ഇത്തരം സിനിമകൾക്കും കൃതികൾക്കും എപ്പോൾ വേണമെങ്കിലും പ്രീക്വലുകളും (Prequel),

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2025 OCTOBER-DECEMBER | VOLUME 01 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on October 01, 2025 | Time: 10:00 AM IST | e-ISSN:

സ്വീക്വലുകളും (Sequel) സംഭവ്യവുമാണ്. പുതിയ സിനിമകൾ, വെബ്പരമ്പരകൾ (Web Series), നോവൽ പരമ്പരകളൊക്കെയും ഇതേമാതൃക പിന്തുടരുന്നതായി കാണാം.

സ്ട്രീമിങ് കൾച്ചർ (Streaming Culture) എന്നതുതന്നെ ഡിജിമോഡേണിസം സാധ്യമാക്കിയ ഒന്നാണ്. ഇന്ന് സാഹിത്യനിർമിതിയെ അതിയായി സ്വാധീനിക്കുന്ന ഘടകമായി സ്ട്രീമിങ് കൾച്ചർ മാറിയിരിക്കുന്നു. മേല്പറഞ്ഞതുപോലെ ഏതുസമയത്തും വിഷ്വൽ/പോഡ്കാസ്റ്റ് അടക്കമുള്ള ബഹുരൂപങ്ങളിലേക്ക് പരാവർത്തനം ചെയ്യാൻ സാധിക്കുന്ന പാഠങ്ങളെയാണ് ഡിജിമോഡേണിസ്റ്റ് പാഠനിർമിതിയിലൂടെ സൃഷ്ടിക്കപ്പെടുന്നത്. സ്റ്റോറിടെല്ലിങ് (Story-telling) ആപ്പുകളുടെ വ്യാപനം സാധ്യമാകുന്നതും അതിനാലാണ്. അതുകൊണ്ടുതന്നെ രചനയിലെ സൂക്ഷ്മതയേക്കാൾ ആഖ്യാനത്തിനാണ് പ്രാധാന്യം കൈവന്നിരിക്കുന്നത്. എപ്പിസോഡിക് (Episodic) രചനകളാണ് കൂടുതലായും നിർമ്മിക്കപ്പെടുന്നത്. സമീപകാല നോവൽസാഹിത്യം പരിശോധിച്ചാൽ ചില നോവലുകൾക്കു കൈവന്ന പ്രാധാന്യം ശ്രദ്ധേയമാണ്. മീശ, സുഗന്ധി എന്ന ആണ്ടാൾ ദേവനായകി, റാം കെയർ ഓഫ് ആനന്ദി, പ്രേമനഗരം തുടങ്ങിയവയെല്ലാം ഉദാഹരണങ്ങളാണ്. കാവ്യാത്മകാഖ്യാനം ചരിത്രാത്മകാഖ്യാനത്തിലേക്ക് വഴിമാറിക്കൊടുക്കുകയാണ് ഇവിടെ. ആഖ്യാനം കൂടുതൽ റിയലിസ്റ്റിക്കായി രൂപാന്തരപ്പെട്ടു. എന്നാലിതു പഴയകാല റിയലിസ്റ്റ് ആഖ്യാനമല്ല. ഒരു പുതിയകാല റിയലിസം കടന്നുവന്നിരിക്കുന്നു. ഡേർട്ടി റിയലിസം (Dirty Realism), ഡീപ് റിയലിസം (Deep Realism) എന്നെല്ലാം ഇത് വിശേഷിപ്പിക്കപ്പെടുന്നുണ്ട്.

വർത്തമാനകാല നിർമിതബുദ്ധിയുടെ ഉപയോഗം ഡിജിമോഡേണിസത്തിന്റെ വ്യാപ്തി വർദ്ധിപ്പിച്ചു. ഏതാനും നിർദ്ദേശങ്ങളിലൂടെ (Prompts) ആർക്കും തങ്ങൾക്കാവശ്യമായ രീതിയിൽ സാഹിത്യരൂപത്തിലുള്ളതോ ശബ്ദ-ദൃശ്യരൂപത്തിലുള്ളതോ ആയ പാഠങ്ങൾ നിർമ്മിക്കുന്നതിന് ഇന്നു നിർമിതബുദ്ധിയെ ഉപയോഗപ്പെടുത്താവുന്നതാണ്. മുകളിൽ സൂചിപ്പിച്ചതുപോലെ എല്ലാം ബിഗ് ഡേറ്റയിലേക്ക് സന്നിവേശിപ്പിക്കപ്പെടുന്നകാലത്ത് അതേ ബിഗ്ഡേറ്റയെ ഉപയോഗപ്പെടുത്തിക്കൊണ്ടാണ് നിർമിതബുദ്ധി പ്രവർത്തിക്കുന്നത് എന്നതും ശ്രദ്ധേയമാണ്. പാഠത്തിന്റെ സ്വയം പുനരുല്പാദനവും സ്വയം വിപുലനവും ഇതിലൂടെ ഡിജിമോഡേണിസത്തിന്റെ ഭാഗമാകുന്നു.

ഇന്റർനെറ്റിന്റെ ഉപയോഗം വ്യാപകമായതോടെ സാഹിത്യരൂപങ്ങളുടെ മട്ടും ഭാവവും മാറി. ഡിജിറ്റൽമേഖലകളിൽ സാഹിത്യപ്രചാരണം നടന്നു. സാഹിത്യത്തിനൊരു സൈബർജീവിതം സാധ്യമായി. ഡിജിമോഡേണിസ്റ്റ് പ്രസാധകർ എന്ന് ഡിജിറ്റൽ മീഡിയകളെ നമുക്ക് വിളിക്കാം. കാരണം വെബ് 2.0 ആദ്യം പ്രസാധനരംഗത്താണ് ശ്രദ്ധേയമായ മാറ്റങ്ങൾ വരുത്തിയത്. ആർക്കും പ്രസാധകരാകാം എന്ന യാഥാർത്ഥ്യം ഇത് സാധ്യമാക്കി. അതിലൂടെ സാഹിത്യത്തിന്റെ വിശുദ്ധിയെപ്പോലെതന്നെ പ്രസാധനത്തിന്റെ ശ്രേഷ്ഠതയെയും ഡിജിമോഡേണിസം തകർത്തു. എന്നാൽ പ്രസാധനരംഗവും പ്രസാധകരും പുതിയയുഗത്തെ പുതിയരീതിയിലാണ് അഭിസംബോധന ചെയ്തത്. ഡിജിമോഡേണിസ്റ്റുപാഠങ്ങളുടെ നിർമ്മിതികളിലേക്ക് അവരും ലാഭേച്ഛയോടെതന്നെ ഭാഗവാക്കായി. പുതിയ ഡിജിറ്റൽ പാഠങ്ങൾ മലയാളത്തിൽ ആവിർഭവിച്ചു. പുസ്തകങ്ങളുടെ ഡിജിറ്റൽ പതിപ്പുകൾ നമുക്ക് ലഭ്യമാകുന്നതിലൂടെ ഓൺലൈൻ പുസ്തകസമ്പ്രദായം ആരംഭിച്ചു. ഓൺലൈൻ റിവ്യൂകളിൽനിന്നും വായനക്കാരുടെ ഇടപെടലുകൾക്കും തുടക്കമായി. പുസ്തക പ്രസാധകർ തങ്ങളുടെ പൂർവ്വകാല മാതൃകകളെ പരിഷ്കരിച്ചുകൊണ്ട് മുന്നേറി. പുതിയ പുസ്തകങ്ങളുടെ രൂപഘടനയിൽ (Format) വ്യത്യാസം കാണപ്പെട്ടു. പഴയ പുസ്തകങ്ങൾ, ക്ലാസിക്കുകളൊക്കെ ഉൾപ്പെടുന്ന ശേഖരം ഇ-ബുക്കുകളും (E-book), ഓഡിയോ ബുക്കുകളുമായി (Audiobook) രൂപാന്തരം പ്രാപിച്ചു. ആമസോൺ കിന്റിൽ (Amazon Kindle) മികച്ച ഉദാഹരണമാണ്. ഇതെല്ലാം വിരൽത്തുമ്പുകളിലെ സേവനങ്ങളായി മാറി. ഡിജിമോഡേണിസ്റ്റുപാഠത്തിന്റെ ഇന്ററാക്ടീവ് സ്വഭാവം; ഏത് മീഡിയയ്ക്കും ഇണങ്ങുന്നവിധം സ്വയം പരിവർത്തിക്കാനുള്ള അതിന്റെ ക്ഷമത; ഇ-റീഡറുകൾക്കും (E-reader) ഇ-റീഡിങ്ങിനും (E-reading) വഴിവയ്ക്കുകയുണ്ടായി.
ഡിജിറ്റൽ പ്രിന്റിങ് ടെക്നോളജി ദീർഘകാല പ്രസാധനപ്രക്രിയയെ ലഘൂകരിച്ചു. ഉള്ളടക്കത്തിന്റെ രൂപകല്പനയിലും (Layout) കവർ ഡിസൈനിലും നിർമിതബുദ്ധിയുടെ സേവനം പ്രയോജനപ്പെടുത്തിത്തുടങ്ങി. സാങ്കേതികജ്ഞാനമുണ്ടെങ്കിൽ ആർക്കും രചനാപ്രക്രിയ നടത്താമെന്ന സ്ഥിതിവിശേഷം ഇന്നുണ്ട്. എഴുത്തുകാർക്ക് അവരുടെ രചനകൾ വിവിധ പ്ലാറ്റ്ഫോമുകളിൽ നേരിട്ടു പ്രസിദ്ധീകരിക്കാൻ ഇന്നു സാധിക്കും. ഫോക്സ്റ്റെയിൽസ് (Foxtale), കുക്കു എഫ് എം (Kukku FM), ആമസോൺ KDP (Kindle Direct Publishing) തുടങ്ങിയവ അതിനുദാഹരണങ്ങളാണ്.

### ഡിജിമോഡേണിസത്തിന്റെ വെല്ലുവിളികൾ

നിരന്തരസാധ്യതകൾ നിലനിൽക്കുന്നതോടൊപ്പം ഡിജിമോഡേണിസം വെല്ലുവിളികളെയും നേരിടുന്നുണ്ട്. സുപ്രധാനമായും പരമ്പരാഗത സാഹിത്യരൂപങ്ങളെ ഏറെക്കുറെ നിരാകരിച്ചുകൊണ്ടാണ് ഡിജിമോഡേണിസം നിലനിൽക്കുന്നത്. പ്രസാധനമേഖലയിൽ സൃഷ്ടിക്കുന്ന പ്രതിസന്ധികൾ പ്രധാനമായും പ്രസ്തുതമേഖലയിലെ അവകാശങ്ങൾ, ഉള്ളടക്കം, ഗുണനിലവാരം എന്നിവയിലാണ്. ഡിജിറ്റൽ കേന്ദ്രങ്ങളുടെ വ്യാപനത്തോടെ പുസ്തകങ്ങൾ, ബ്ലോഗുകൾ, ഓൺലൈൻ പുസ്തകങ്ങൾ തുടങ്ങിയവയൊക്കെ എളുപ്പത്തിൽ നിർമ്മിക്കപ്പെടുന്നുവെങ്കിലും അവക്ക് നിലവാരത്തകർച്ച സംഭവിച്ചിട്ടുണ്ട് എന്ന വിമർശനം ശക്തമാണ്.

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2025 OCTOBER-DECEMBER | VOLUME 01 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on October 01, 2025 | Time: 10:00 AM IST | e-ISSN:

ബഹുകർത്തൃത്വവും അനുസൃതകർത്തൃത്വവും ഡിജിമോഡേണിസ്റ്റുപാഠനിർമിതിയുടെ സവിശേഷതയായതുകൊണ്ടുതന്നെ കൃത്യമായി വിവരങ്ങൾ നല്കുന്ന പ്രക്രിയയും പാഠങ്ങളുടെ ഗുണനിലവാരം പരിശോധിച്ചുറപ്പിക്കുന്നതിനുമുള്ള പ്രക്രിയകൾ പലപ്പോഴും സാധ്യമല്ലാതെ വരുന്നു. ഡിജിറ്റൽ ഫോർമാറ്റിലുള്ള പാഠങ്ങളുടെ സംരക്ഷണം ദുർഘടം പിടിച്ചതാണ്. ഡിജിമോഡേണിസ്റ്റുപാഠങ്ങൾക്ക് അത്തരമൊരു ഉദ്ദേശ്യം നിലനിൽക്കുന്നതുമില്ല.

മറ്റൊരു സുപ്രധാനകാര്യം സാംസ്കാരികതയുടെ ഡിജിമോഡേണിസ്റ്റുരൂപമാറ്റവും സാമ്പ്രദായിക നിയമവ്യവസ്ഥയും തമ്മിലുള്ള വൈരുദ്ധ്യം സൃഷ്ടിക്കുന്ന പ്രതിസന്ധിയാണ്. ഡിജിമോഡേണിസംപോലുള്ള പുതിയ സാംസ്കാരികതയെ ഉൾക്കൊള്ളാൻ നിലവിലെ നിയമസംവിധാനങ്ങൾക്ക് കരുത്തില്ല. പേറ്റന്റ്, പകർപ്പവകാശനിയമങ്ങൾ എന്നിവ പാഠനിർമിതിയെയും വിപുലനങ്ങളെയും സാരമായി ബാധിക്കുന്നുണ്ട്. നിയമപ്രശ്നങ്ങളും പകർപ്പവകാശങ്ങളും ഉൾപ്പെടെയുള്ള പ്രതിസന്ധികളും ഉണ്ടാകുന്നു.
ഇലക്ട്രോണിക് രൂപമായി മാത്രമേ ഡിജിമോഡേണിസ്റ്റുപാഠത്തിന് നിലനിൽപ്പുള്ളൂ. ഇലക്ട്രോണിക് ഉപകരണം ഇല്ലാത്തവർക്കും ഡിജിറ്റൽ സാക്ഷരതയിൽ പിന്നിലായവർക്കും അതിന്റെ സൗകര്യങ്ങളെയും മേന്മകളെയും അറിയാനും അനുഭവിക്കാനും കഴിയുകയില്ല. ഏവർക്കും പ്രസിദ്ധീകരിക്കാം, ഏവർക്കും പാഠനിർമിതിയിൽ പങ്കുണ്ട്, ജനാധിപത്യപരമായ പാഠനിർമിതി മുതലായ ഡിജിമോഡേണിസ്റ്റുവാദങ്ങളെ ഇത് സംശയത്തിൽ നിർത്തുന്നു. പാഠനിർമിതിയിലെ ഗൗരവമില്ലായ്മയും ഗുണനിലവാരത്തിന്റെ ഉറപ്പില്ലായ്മയും ഒരു സുപ്രധാന വെല്ലുവിളിയായി ഡിജിമോഡേണിസത്തിൽ തുടരുന്നു എന്നത് വ്യക്തമാണ്. ഡിജിമോഡേണിസം സാംസ്കാരിക മേഖലയിൽ ഒരു ശക്തിസ്രോതസ്സായി തുടരുമ്പോൾത്തന്നെ ഉത്തരവാദിത്വമില്ലായ്മയും (Absence of Responsibility) പ്രതികൂലമായി ബാധിക്കുന്നുണ്ട്.

**ഉപദർശനങ്ങൾ**

അടുത്തകാലത്തായി ചില ജനപ്രിയ സാഹിത്യകൃതികളെക്കുറിച്ചുയർന്നിട്ടുള്ള ആക്ഷേപങ്ങൾ ശ്രദ്ധിച്ചാൽ ഡിജിമോഡേണിസ്റ്റുകാലത്തെ സാഹിത്യപാഠങ്ങളെക്കുറിച്ചുള്ള സുപ്രധാന വൈരുദ്ധ്യമായിരിക്കും തെളിഞ്ഞുവരിക. ജനപ്രിയതയെയും ഡിജിമോഡേണിസ്റ്റു സാഹിത്യപാഠങ്ങൾ സൃഷ്ടിച്ച കലർപ്പുകലർന്ന സാഹിത്യപ്രവണതകളെയും ഡിജിറ്റൽ സാങ്കേതികത രൂപപ്പെടുത്തിയ അനന്തമായ ഡിജിമോഡേണിസ്റ്റ് പാഠങ്ങളുടെ പതിപ്പുകളെയും സാമ്പ്രദായിക സാഹിത്യമേന്മാവാദത്തിന്റെ അളവുകോലുകൾക്കുള്ളിൽ ചുരുക്കാൻ പാടുപെടുന്ന പ്രവണത ഒരുവശത്ത്.

ഡിജിറ്റൽ നവസാങ്കേതിക സാധ്യതകളിലൂടെ ശൃംഖലാവിസ്ഫോടനമായി (Chain Reaction) പലപലപതിപ്പുകളിൽ പുനഃസൃഷ്ടിക്കപ്പെട്ടുകൊണ്ടിരിക്കുന്ന പാഠങ്ങളുടെ, വായനക്കാരും എഴുത്തുകാരുമായ വ്രീഡറുകളായി രൂപാന്തരംവന്ന വർത്തമാനകാല വായനക്കാരൻ/കാരിയുടെ സക്രിയസാന്നിദ്ധ്യം സൃഷ്ടിക്കുന്ന ഡിജിമോഡേണിസ്റ്റു പാഠത്തിന്റെ എണ്ണപ്പെരുപ്പം മറുവശത്ത്.
ആദ്യത്തേത് ശക്തിശൈഥില്യം സംഭവിച്ച പഴയകാലപ്രവണതയുടെ ആകുലതകളായി ചുരുങ്ങുമ്പോൾ രണ്ടാമത്തേത് ജെൻ-സി (Gen Z), ജെൻ ആൽഫ (Gen Alpha) അടക്കമുള്ള പുതുതലമുറയുടെ അതിശക്തമായ ഡിജിമോഡേണിസ്റ്റ് പാഠനിർമ്മിതിയായി വളരുകയും നിലയുറപ്പിക്കുകയും ചെയ്യുന്നുണ്ട്. ഡിജിറ്റൽയുഗം തുറന്നിട്ട പുതുസാഹിത്യപാഠനിർമ്മിതിയെയും പാഠപരതയെയും മനസ്സിലാക്കാനുള്ള ശ്രമകരമായ പരിശ്രമങ്ങൾക്കു മാത്രമേ ഇതിന്റെ സാംസ്കാരിക മനോഘടന പിടിതരുകയുള്ളൂ എന്നുകാണാം.

**കുറിപ്പുകൾ**

1. ഡിജിറ്റൈസേഷൻ: അനലോഗ് (Analogue) രൂപത്തിലുള്ള വിവരങ്ങളെ ഡിജിറ്റൽ രൂപങ്ങളായി പരിവർത്തിപ്പിക്കുന്ന പ്രക്രിയയെയാണ് ഡിജിറ്റൈസേഷൻ എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. വ്യാപകമായ കമ്പ്യൂട്ടർ ഉപയോഗത്തിലൂടെയാണ് ഈ ഡിജിറ്റൈസേഷൻ പ്രക്രിയ സാധ്യമാകുന്നത്.
2. ഡിജിടെക്സ്റ്റ്: ഡിജിപാഠങ്ങൾ അഥവാ ഡിജിടെക്സ്റ്റ് എന്നത് ഡിജിമോഡേണിസ്റ്റ് കാലത്തെ പാഠമാണ്. ഡിജിറ്റൽ, പാഠം അഥവാ ടെക്സ്റ്റ് എന്നിവ ചേർന്നാണ് ഡിജിടെക്സ്റ്റ് എന്ന വാക്കുണ്ടായത്. ഡിജിറ്റൽ മാധ്യമങ്ങളിലൂടെമാത്രം എഴുതപ്പെടുകയും പ്രവർത്തിപ്പിക്കപ്പെടുകയും നിർവഹിക്കപ്പെടുന്നതുമായ പാഠങ്ങളെ ഡിജിടെക്സ്റ്റ് എന്ന് പറയാം. ഇതിനോടൊപ്പം മനസ്സിലാക്കേണ്ട മറ്റൊരു പദമാണ് സൈബർടെക്സ്റ്റ് (Cybertext). അനലോഗ് രൂപത്തിലുള്ള ടെക്സ്റ്റിനെ ഡിജിറ്റൽ രൂപമാക്കുകയും എന്നാൽ പൂർണമായും ഡിജിടെക്സ്റ്റിന്റെ ഗുണനിലവാരത്തിലേക്ക് എത്താത്തതുമായ പാഠമാണിത്.
3. ഹൈപ്പർടെക്സ്റ്റ്: ഹൈപ്പർലിങ്കുകളിലൂടെ രൂപപ്പെടുന്ന ടെക്സ്റ്റുകൾ. ഹൈപ്പർടെക്സ്റ്റുകളിലൂടെ വായനക്കാരന് ലിങ്കുകൾ ക്ലിക് ചെയ്ത് പുതിയവായനകളിലേക്ക് പലായനം ചെയ്യാൻ സാധിക്കുന്നു.

**ഗ്രന്ഥസൂചി**

1. ജോസ് കെ. മാനുവൽ (എഡി.), സൈബർ ആധുനികത, സംവാദം സംസ്കാരം സംലയനം, ടേൺ ബുക്സ്, കോട്ടയം, 2019.
2. ഹരികുമാർ എ. കെ., ഉത്തര ഉത്തരാധുനികത, ആൽഫ വൺ, തൃശ്ശൂർ, 2020.
3. Kirby, Alan, Digimodernism: How new technologies dismantle the Postmodern and Reconfigure our culture, Bloomsbury Academy, London, 2009.
4. Fiankelstein, David, et.al., The Book History Reader, Routledge, London And New York, 2006.

**ഇ - സൂചിക**

1. മിഥുൻ സിദ്ധാർത്ഥൻ (ഡോ.,), “സ്റ്റീഫൻ ജയ്ഗോൾഡിന്റെ ജ്ഞാനശാസ്ത്രസമീപനങ്ങൾ”, ലൂക്ക, 2021. https://luca.co.in/stephen-jay-gould/
2. സന്തോഷ് എച്ച്. കെ., “സമകാലീന നോവലിലെ ഡിജിമോഡേണിസ്റ്റ്ഭാവുകത്വം”, IJCRT, Vol. 6, 2018. https://ijcrt.org/papers/IJCRT1134217.pdf
3. Brandon, Bill, “Digimodernism and Learning”, Learning Guild, 2011. https://www.learningguild.com/articles/729/digimodernism-and-learning/
4. Malomfălean, Laurenţiu, “Hypertext. Cybertext. Digitext”, The Center for Imagination Studies, 2012. https://phantasma.lett.ubbcluj.ro/hipertext-cibertext-digitext/

About the researcher:
അശ്വതി വിജയൻ
ഗവേഷക മലയാളവിഭാഗം, മഹാരാജാസ് കോളേജ്
എറണാകുളം

Email: aswathyvijayan2094@gmail.com
Mob: 7558885282